

Monthly Price: Rs. 4 Year: 2010

# ബൈബിള്‍ ട്രൂത്ത്



# THE BIBLE TRUTH

# താല്ക്കാലിക വരങ്ങൾ



# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 25** **November 2010** **No.8**

# എഡിറ്റോറിയൽ

മനുഷ്യരുടെ ജീവിത ശൈലി പരിശോധിച്ചാൽ ഏതാനും സത്യങ്ങൾ നമുക്ക് ബോധ്യമാകും. രണ്ടു കാര്യങ്ങളിൽ മനുഷ്യർ അകന്നുകൊണ്ടാണിരിക്കുന്നത്. ഒന്നാമതായി ദൈവത്തിൽനിന്നും അകന്നുകൊണ്ടിരിക്കുന്നു. രണ്ടാമതായി പരസ്പരമുള്ള ബന്ധത്തിലകന്നുകൊണ്ടിരിക്കുന്നു. ദൈവത്തിൽനിന്നു മനുഷ്യർ അകന്നുകൊണ്ടിരിക്കുവാനുള്ള കാരണം ദൈവേഷ്ടം മാനിക്കാതിരിക്കുന്നതാണെങ്കിൽ, മനുഷ്യർ തമ്മിൽ അകലുവാനുള്ള കാരണം സ്വാർത്ഥതയാണ്. വാസ്തവത്തിൽ ദൈവവുമായി ഉണ്ടാകേണ്ട ബന്ധം ജഢീകമോ, ലൗകീകമോ അല്ല, മറിച്ച് ആത്മീകമാകണം. കാരണം ദൈവം ആത്മാവാണ്. ആത്മീയനായ ദൈവവുമായി ബന്ധപ്പെടുവാൻ നമ്മിൽ ദൈവം തന്റെ ആത്മാവിനെ നൽകിയിട്ടുണ്ട്.

ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. ദൈവത്തെ കാണുവാനുള്ള മനുഷ്യനിലെ ത്വര അവനെ പലതും ചെയ്യിക്കുവാൻ പ്രേരിപ്പിക്കുന്നു. അങ്ങനെയാണ് അവൻ ദൈവത്തെ സങ്കൽപിച്ചുണ്ടാക്കുന്നത്. ഭൗതീകമായ കണ്ണുകൾകൊണ്ട് കണ്ട് ദൈവത്തെ ആരാധിക്കുവാൻ ശ്രമിക്കുന്നവർ വിഗ്രഹങ്ങളിലേക്കും പ്രതിമകളിലേക്കും തിരിയുന്നു. അപ്പോൾ അവർ ദൈവത്തിൽനിന്ന് അകലുകയാണ് ദൈവേഷ്ടത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരിൽനിന്ന് ദൈവവും അകന്ന് പോകും. ആ യാഥാർത്ഥ്യം ആളുകൾ തിരിച്ചറിയുന്നില്ല. ദൈവത്തെ കണ്ടിട്ടില്ലാത്ത മനുഷ്യർക്ക് അവനെ കാണേ

ണ്ടതിനും അറിയേണ്ടതിനും ആയിരുന്നു ദൈവം മനുഷ്യനായി അവതരിച്ച് ഭൂമിയിൽ ജീവിച്ചത്. ആ യേശു പറയുന്നു, "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു, ഞാനും പിതാവും ഒന്നാകുന്നു." ഏകസത്യദൈവത്തെ അറിയുന്നതാണ് വിവേകം, അതാണ് നിത്യജീവൻ. നാം ദൈവത്തോട് ബന്ധപ്പെടുവാൻ ദൈവേഷ്ടത്തെ അറിയേണ്ടതുണ്ട്. അതിനാണ് ദൈവം തന്റെ ശക്തിയുള്ള വചനം നൽകിയിരിക്കുന്നത്.

ദൈവരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അന്യോന്യമുള്ള ബന്ധം സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ അതെങ്ങനെ ശരിയായി സുക്ഷിക്കും എന്നതാണ് പ്രശ്നം. ഓരോരുത്തർക്കും ഓരോ അഭിലാഷങ്ങളും താല്പര്യങ്ങളും ആണുള്ളത് അങ്ങനെയാകുമ്പോൾ പരസ്പര ബന്ധം എങ്ങനെ സുസ്ഥിരമാക്കും? അതിനുവേണ്ടിയാണ് ദൈവം തിരുവെഴുത്ത് നൽകിയിരിക്കുന്നത്. അതിൽ കൽപനകളും വാഗ്ദാനങ്ങളും മുന്നറിയിപ്പുകളും ഉണ്ട്. നമ്മുടെ സ്വന്ത സ്വഭാവങ്ങളെക്കാൾ ഉയർന്ന മൂല്യം ദൈവീക സ്വഭാവത്തിനാണുള്ളത്.

നാം ഉപേക്ഷിക്കേണ്ടതു പലതും ഉപേക്ഷിച്ചാൽ ശരിയായ ബന്ധത്തിന് ആവശ്യമായതെല്ലാം ദൈവം നമുക്ക് തന്റെ വചനം മുഖാന്തിരം നൽകുന്നു. സമാധാനപൂർണമായ ജീവിതത്തിനു ആവശ്യമാ നിർദ്ദേശങ്ങൾ ദൈവം നമുക്ക് നൽകിയിട്ടുണ്ട്. ലോകത്തെയും അതിലുള്ളതിനേയും സ്നേഹിക്കരുത്. അദ്യമായി നാം ദൈവത്തിന് പ്രഥമസ്ഥാനം കൊടുക്കണം. പിതാവായ ദൈവത്തെ നാം സ്നേഹിക്കുന്നു എന്നു പറഞ്ഞാൽ അവന്റെ കൽപനകളെ പ്രമാണിക്കുന്നു എന്നാണർത്ഥം. ദൈവ കല്പന പ്രമാണിക്കാത്തവന് സ്നേഹം ഉണ്ടാവുകയില്ല. പരസ്പരം സ്നേഹിക്കുവാനാണ് കല്പിച്ചിരിക്കുന്നത്.

നിങ്ങൾ ദൈവവുമായിട്ടുള്ള ബന്ധവും മനുഷ്യരുമായിട്ടുള്ള ബന്ധവും ശരിയായി കൊണ്ടുപോകുന്നുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ ദൈവവചനത്തിൽ വിശ്വസിച്ച്, പാപങ്ങളിൽനിന്ന് തിരിഞ്ഞ്, യേശുവിനെ ഏറ്റുപറഞ്ഞ്, പിതാവിന്റേയും പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനമേൽക്കുക.

★

# ആരാണിവർ

## J.C. ചോട്ട്

40 കോടിയിലധികം ഇടവകകൾ ഇന്ന് ലോകം മുഴുവൻ വ്യാപ്യതമായിട്ടുള്ള ഈ സംഘടനകളിൽ ഉള്ള വ്യക്തിഗത അംഗസംഖ്യ എണ്ണമറ്റതാണ്. കുറച്ചുമാത്രം അംഗങ്ങളുള്ള ചെറിയ ഇടവകകളും ആയിരക്കണക്കിന് അംഗങ്ങളുള്ള വലിയ ഇടവകകളും ഉണ്ട്. ചെറുതും വലുതുമായ പല ആകൃതികളിലുള്ള കെട്ടിടങ്ങളിൽ ഞങ്ങൾ ദൈവത്തെ ആരാധിക്കുവാൻ ഞായറാഴ്ച കൂടിവരുന്നു. എന്നാൽ ഈ കെട്ടിടങ്ങളെ സഭ എന്നു തെറ്റിദ്ധരിക്കരുത്. സഭ എന്നതു ആളുകളാണ്; വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം. അതേ സമയം ഈ കെട്ടിടങ്ങൾ ആരാധിക്കുന്നതിനും ബൈബിൾ പഠിപ്പിക്കുന്നതിനും ഉപയോഗിക്കുന്ന മാദ്ധ്യമം മാത്രമാണ്. ഒരു സ്ഥലത്തിനു പ്രത്യേകമായ വിശുദ്ധിയോ മറ്റോ ഉണ്ടെന്നു ധരിക്കരുത്. അതിൽ കൂടി വരുന്ന ആളുകൾക്കാണ് വിശുദ്ധി വേണ്ടത്.

ക്രിസ്തുവിന്റെ സഭകളിൽ ശക്തമായ അംഗസംഖ്യയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നതു ദക്ഷിണ അമേരിക്കയാകുന്നു. അവിടെയുള്ള എല്ലാ പട്ടണങ്ങളിലും സഭ കൂടി വരുന്നതു കാണാം. ചെറുതും വലുതുമായ അനേക സംഘടനകൾ ബൈബിളിൽ പറയുന്ന രീതിയിൽ ജീവിക്കുന്നു. മറ്റുള്ള സ്ഥലങ്ങളിൽ സഭകളുടെയും അംഗങ്ങളുടെയും സംഖ്യ എണ്ണമറ്റതല്ലെങ്കിലും അവരും വചനാനുസരണം തന്നെ നിലകൊള്ളുന്നു. എകദേശം 120 രാജ്യങ്ങളിൽ കർത്താവിന്റെ സഭ ഒന്നാം നൂറ്റാണ്ടിലേതു പോലെ കാണപ്പെടുന്നു എന്നതു കേൾക്കുമ്പോൾ നിങ്ങൾ വിസ്മയിച്ചേക്കാം. എന്നാൽ അതു പരമാർത്ഥമാണ്. ഇതു പറയുമ്പോൾ എല്ലാ നാമധേയ വിഭാഗങ്ങളേയും ഒഴിച്ചു നിർത്തിയിരിക്കുന്നു എന്നു എടുത്തുപറയട്ടെ. കാരണം അവയൊന്നും കർത്താവിന്റെ കൽപനയനുസരിച്ച് നിലകൊള്ളുന്നവയല്ല. അതിനാൽ ആ വിഭാഗങ്ങളെ ദൈവം അംഗീകരിക്കുകയില്ല.

**ഞങ്ങൾ എന്തു ചെയ്യാൻ ശ്രമിക്കുന്നു?**

പനരേകീകരണ മനോഭാവമുള്ള ആളുകളാണ് ഞങ്ങൾ-ആരം

ഭത്തിലുണ്ടായിരുന്ന പുതിയനിയമ സഭയെ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ആത്മാർത്ഥരായ എല്ലാ വേദ ശാസ്ത്ര പണ്ഡിതന്മാരും സമ്മതിക്കുന്ന ഒരു കാര്യ മാണ് ക്രിസ്തീയ വിഭാഗങ്ങൾ എല്ലാം വഴിതെറ്റിപ്പോയിരിക്കുന്നു എന്നത്. പാരമ്പര്യത്തെ പഴിക്കുന്നത് കൊണ്ടോ, മാനുഷികമായ ആചാരങ്ങൾ കൂടിയേതീരു എന്ന് ശഠിക്കുന്നതുകൊണ്ടോ ആളു കൾ വഴിമാറി സഞ്ചരിക്കുന്നു. എങ്ങനെയായാലും ക്രിസ്തുവിന്റെ ഉദ്ദേശത്തിൽനിന്ന് വ്യതിചലിക്കുന്നത് തെറ്റു തന്നെയാണ്. ഇതിനുള്ള പരിഹാരം എന്താണ്? തിരുവചനം പരിശോധിച്ച് സഭയുടെ ഉത്ഭവസമ യത്തുണ്ടായിരുന്ന അതേ സ്വഭാവത്തിൽ തന്നെയാകണം. അപ്ര കാരം ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ആരംഭത്തിലെപ്പോലെ നില നിൽക്കുവാൻ കഴിയും. ക്രിസ്തുവിന്റെ സഭയുടെ സാക്ഷ്യവും ഉദ്ദേ ശവും അതുതന്നെയാണ്. യേശുക്രിസ്തു വിഭാവനം ചെയ്ത ഐക്യത കൈവരിക്കാൻ അതു കൂടിയേതീരു. അതുകൊണ്ട് ക്രിസ്തുവിന്റെ സഭയെ മറ്റു നാമധേയ വിഭാഗങ്ങളെപോലെ ഒന്നാണെന്ന് കണക്കാക്കരുത്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ വ്യത്യസ്ത നാമ ധേയ വിഭാഗങ്ങളിലെ ചിലർ സ്വതന്ത്രമായി ബൈബിൾ വായിച്ച് പഠിച്ച് സ്വയം ചോദിക്കാൻ തുടങ്ങി, എന്തുകൊണ്ട് നാമധേയ വിഭാ ഗങ്ങൾക്കപ്പുറമായി പുതിയനിയമസഭ ഒന്നാം നൂറ്റാണ്ടിൽ അതിന്റെ പരിശുദ്ധിയും ലാളിത്യവും നിലനിർത്തിയതുപോലെ ഇന്നും ആയി ക്കുടാ?

എന്തുകൊണ്ട് ബൈബിൾ മാത്രം എടുത്തുകൊണ്ട് അപ്പോസ്ത ലന്മാരുടെ ഉപദേശം കേട്ടും പ്രാർത്ഥനകഴിച്ചും തുടർന്നുകൂടാ? (പ്രവൃത്തികൾ 2:42)

യെരുശലേമിൽ വെച്ച് അപ്പോസ്തലന്മാർ ക്രിസ്തുവിന്റെ സുവി ശേഷം അറിയിക്കുകയും അതുകേട്ട് പ്രതികരിച്ചവർ വിശ്വസിച്ച് സ്നാനമേറ്റു. അവർ ഹൃദയ പരമാർത്ഥതയോടെ ഒരുമിച്ച് കൂടിവ രുകയും അപ്പം നുറുക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്തു. അത്തരം ആത്മീയമായ കൂടിവരവ് ഇന്നും സാധ്യമാണ്. നാം എടു ക്കേണ്ട മാനദണ്ഡം പുതിയനിയമോപദേശം ആയിരിക്കണം. ദൈവ വചനം ഒരു വിത്തുപോലെയാണ്(ലൂക്കൊസ് 8:11).ദൈവവചനം

എന്ന വിത്ത് നാം എപ്പോൾ വിതച്ചാലും ഫലം ഒന്നുതന്നെയായിരിക്കും. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ വിത്തുവിതച്ചു, അതിന്റെ ഫലമായി വ്യക്തികൾ രൂപാന്തരപ്പെടുകയുംക്രിസ്ത്യാനികളായിതീരുകയും ചെയ്തു. അവരെ അന്ന് ക്രിസ്ത്യാനികൾ എന്ന് മാത്രമാണ് അറിയപ്പെട്ടത്. ഇന്നും അങ്ങനെ ആയിക്കൂടേ? അപ്പോസ്തലന്മാരുടേയും ആദ്യ ക്രിസ്ത്യാനികളുടേയും അന്നത്തെ അപേക്ഷ, നാമധേയ വിഭാഗീയ ചിന്തകൾ കൈവെടിയണം എന്നതായിരുന്നു. ദൈവവചനത്തിൽ തെളിവുള്ള കാര്യങ്ങൾ മാത്രമേ വിശ്വാസ പ്രവൃത്തികളായി ചെയ്യുവാൻ ആധികാരികമായി നിർദ്ദേശിച്ചിട്ടുള്ളു. മാനുഷിക വിശ്വാസ പ്രമാണങ്ങളെ ഉപേക്ഷിച്ച് ബൈബിൾമാത്രം പിൻപറ്റുവാനും അവർ അങ്ങനെ തീരുമാനിച്ചു. ബൈബിൾ വിശ്വസത്തിലേക്കും ആരാധനയിലേക്കും തിരിച്ചുവരുന്നത് മറ്റൊരു വിഭാഗത്തിന്റെ ആവിർഭാവമല്ലെന്നും അതു പ്രാരംഭ സഭയിലേക്കുള്ള തിരിച്ചുവരവാണെന്നും അവർ ഊന്നി പറഞ്ഞു.

ഈ സമീപനത്തോട് അതീവ ഉത്സാഹമുള്ളവരാണ് ക്രിസ്തുവിന്റെ സഭയിലെ എല്ലാ അംഗങ്ങളും. ബൈബിൾ മാത്രം നമ്മുടെ സഹായമായി എടുത്തുകൊണ്ട് പ്രാരംഭ സഭ എങ്ങനെയായിരുന്നു എന്ന് കണ്ടെത്തുവാനും അത് അതുപോലെതന്നെ ഉദ്ധരിക്കുവാനും സഹായകരമായിതീർന്നു. ഇത് അഹങ്കാരത്തോടെയല്ല ഞങ്ങൾ പറയുന്നത് മറിച്ച് താഴ്മയോടെ അപേക്ഷിക്കയാണ്. ഒരു മാനുഷിക സ്ഥാപനത്തോടോ സംഘടനയോടോ കൂറുപുലർത്തുവാൻ ആഹ്വാനം ചെയ്യുവാനുള്ള അവകാശം ഞങ്ങൾക്കില്ല. ഞങ്ങൾ അതിന് ആവശ്യപ്പെടുന്നുമില്ല. എന്നാൽ ദൈവത്തിന്റെ ശ്വാസീയമായ വചനമാതൃക പിൻപറ്റുവാനാണ് ആളുകളോട് ഞങ്ങൾ ആവശ്യപ്പെന്നത്.

ഇതിനായി മനുഷ്യനിർമ്മിതമായ വിശ്വാസ പ്രമാണങ്ങൾ സ്വീകാര്യമല്ല. അതിനു പുതിയനിയമ മാതൃകമാത്രം മതിയാകുമെന്ന് തീരുമാനിക്കണം. ഞങ്ങൾ ഞങ്ങളെ ഒരു വിഭാഗമായിട്ടോ, കത്തോലിക്കരായിട്ടോ പ്രൊട്ടസ്റ്റന്റ്കാരായിട്ടോ പെന്തക്കൊസ്തുകാർ ആയിട്ടോ അല്ല അറിയപ്പെടുവാൻ ആഗ്രഹിക്കുന്നത്. പിന്നെയോ യേശു മരിച്ചതും സ്ഥാപിച്ചതുമായ കർത്താവിന്റെ സഭയിലെ അംഗങ്ങളായി അറിയപ്പെടുവാനാണ് താൽപര്യപ്പെടുന്നത്.

**ആരാണ് ചുമതലയിൽ ഉള്ളത്?**

നമുടെ തെറ്റുകളും ഉപേക്ഷകളും ബലഹീനതകളും നമുക്ക് അറിയാവുന്നതുകൊണ്ടാണ് സഭക്കു വേണ്ടിയുള്ള എല്ലാറ്റിനും മതിയായതും പൂർണ്ണമായതുമായ ദൈവത്തിന്റെ പദ്ധതിയെ ശ്രദ്ധിച്ച് പിൻപറ്റുവാൻ ആഗ്രഹിക്കേണ്ടത്.

ദൈവം സകല അധികാരവും ക്രിസ്തുവിനു നൽകിയിരിക്കുന്നതുകൊണ്ടും അവനാണ് ഇന്ന് ദൈവത്തിനുവേണ്ടി നമ്മോടു സംസാരിച്ച് ശുശ്രൂഷ ചെയ്യുന്നതു എന്നതിനാലും സഭ എന്തായിരിക്കണം, എന്തു ഉപദേശിക്കണം എന്നു പറയുവാനുള്ള അധികാരം ക്രിസ്തുവിനു മാത്രമാണെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. പുതിയ നിയമത്തിലാണ് യേശു തന്റെ ശിഷ്യന്മാർക്കു നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നത്. അതുകൊണ്ട് മതപരമായ ഉപദേശങ്ങൾക്കും ആചാരങ്ങൾക്കും പുതിയ നിയമമാണ് ആധാരമായി എടുക്കേണ്ടത്. നമ്മുടെ പരിശീലനം മറ്റൊരു രീതിയിൽ ആകരുത്. ക്രിസ്തുവിനെ അനുഗമിക്കുന്നവർ ഐകമത്യത്തിൽ യോജിച്ച് അനുവർത്തിക്കണമെങ്കിൽ ബൈബിളിലേക്കു മടങ്ങിവന്നേതീരു എന്നു ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. പരസ്പരം വിട്ടുവീഴ്ച ചെയ്തുള്ള തീരുമാനമല്ല ഐക്യതക്കുള്ള മാനദണ്ഡം. എല്ലാവരും നിലനില്ക്കേണ്ടതിനു ഒരു നിയമാവലി എഴുതുവാൻ വ്യക്തികൾക്കോ സംഘടനകൾക്കോ ദൈവം അനുമതി നൽകിയിട്ടില്ല. എന്നാൽ ഭൗതികമായി ഇപ്രകാരം പറയുന്നതു ഉചിതമാണ്: "ബൈബിൾ അനുസരിച്ച് നമുക്ക് എല്ലാവർക്കും ഒന്നായി തീരാം." അതു ഉത്തമവും സുരക്ഷിതവും ശരിയുമാണ്. കാരണം അപ്പോൾ നാം ദൈവത്തെയാണ് പൂർണ്ണമായും അനുസരിക്കുന്നത്.

ആകയാൽ ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ ബൈബിൾ അടിസ്ഥാനമായുള്ള ഐക്യതക്കുവേണ്ടി നിലനില്ക്കുന്നു, ലോകത്തോടുള്ള ഞങ്ങളുടെ അപേക്ഷയും അതുതന്നെ. പുതിയ നിയമത്തിൽ രേഖപ്പെടുത്താത്ത എന്തെങ്കിലും ചെയ്യുവാൻ ആരേയും നിർബന്ധിക്കരുത്. പതിയനിയമ വചനങ്ങൾ മനുഷ്യരിൽ നിന്നും എന്തു ആവശ്യപ്പെടുന്നുവോ അതു പ്രകാരം ജീവിക്കുവാൻ ജനങ്ങളെ പ്രബോധിപ്പിക്കുകയും ചെയ്യണം. ദൈവവചനത്തിൽ

തൃപ്തി കണ്ടെത്തി അതിനോടു കൂട്ടുവാനോ കുറക്കുവാനോ ശ്രമിക്കാതെ ഇരുന്നാൽ നാം ദൈവേഷ്ടം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ എന്നു വരും. കാരണം കൂട്ടുകയും കുറക്കുകയും ചെയ്യുന്നതു ദൈവം വിലക്കിയിരിക്കുകയാണ്. ചെയ്യരുത് എന്നു ദൈവം പറഞ്ഞാൽ പിന്നെ അതു ചെയ്യുന്നത് ധിക്കാരമാവുമല്ലോ (ഗലാതൃർ 1:6-9; 2 യോഹന്നാൻ 9-10; വെളിപ്പാട് 22:18-19).

**നാം എങ്ങനെ സംഘടിക്കണം**

ഇന്ന് കാണപ്പെടുന്ന ആധുനിക ഉദ്യോഗസ്ഥ മേധാവിത്വങ്ങളൊന്നും കർത്താവിന്റെ സഭയിൽ കണ്ടെത്തുവാൻ നിങ്ങൾക്കു സാദ്ധ്യമല്ല. പ്രത്യേക ഭരണ സമിതിയോ, ജില്ലയിലോ, പ്രാദേശികമായോ, ദേശീയമായോ, സർവ്വദേശീയമായോ, ഒരു കേന്ദ്രം ഈ ഭൂമിയിൽ കർത്താവിന്റെ സഭയിൽ കാണപ്പെടുന്നില്ല. സാർവ്വലൗകീകമായ ഒരു സംഘടനയും ക്രിസ്തുവിന്റെ സഭക്കില്ല.

പുതിയ നിയമ ഇടവകകൾക്ക് ഓരോന്നിനും സ്വയം ഭരണാവകാശമുണ്ട്. മറ്റുള്ള ഇടവകകളിൽ നിന്നു സ്വതന്ത്രമായിരിക്കും ഓരോന്നും. എല്ലാ സഭകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രത്യേകത എന്തെന്നാൽ അവർ എല്ലാവരും വേദപുസ്തകത്തോടും ക്രിസ്തുവിനോടും ഭക്തി പുലർത്തുന്നവരായിരിക്കും എന്നതാണ്. അതിനാൽ എല്ലാവരുടെയും വിശ്വാസവും പരിശീലനവും ഒന്നായിരിക്കും എന്നതും പ്രസ്താവ്യമത്രെ.

പൊതുക്കാര്യത്തിനു വേണ്ടിയുള്ള പ്രതിനിധി സമ്മേളനമോ, വാർഷികമോ ഔദ്യോഗിക പ്രസിദ്ധീകരണമോ ഇല്ല. എന്നാൽ ഇടവകകൾ ചേർന്ന് അനാഥാലയം, വൃദ്ധമന്ദിരം എന്നിവയുടെ നടത്തിപ്പിനും സുവിശേഷ പ്രചരണത്തിനും സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്നു. ഓരോ പ്രാദേശിയ സംഘടനകളും ഇതു സ്വയമായി തീരുമാനിച്ചു നടത്തേണ്ടതാണ്. ഒരു ഇടവകമേൽ നിർബന്ധം ചെലുത്തി എന്തെങ്കിലും നയപരമായ കാര്യങ്ങൾ മറ്റൊരു ഇടവകക്കു ചെയ്യിക്കാവുന്നതല്ല.

ഓരോ പ്രദേശിക സഭയിലും യോഗ്യതയുള്ളവരെ മാത്രം അദ്ധ്യക്ഷന്മാരായി അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്നു. 1തിമൊഥെയോസ് 3-ാം അദ്ധ്യായത്തിലും തീത്തൊസ്1-ാം അദ്ധ്യായത്തിലും മുപ്പന്മാരുടെ യോഗ്യതകൾ എന്തെല്ലാമെന്നു വിവരിച്ചിരി

ക്കുന്നു.

**ഞങ്ങൾ എങ്ങനെ ആരാധിക്കുന്നു?**

ക്രിസ്തുവിന്റെ സഭകളിലുള്ള ആരാധന അഞ്ചു കാര്യങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ്. അതു ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തീയ മാതൃക അനുസരിച്ചു വേണമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. യേശു പറഞ്ഞു, "ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം"(യോഹന്നാൻ 4:24).

സത്യത്തിൽ ആരാധിക്കുക എന്നു പറഞ്ഞാൽ ദൈവത്തിന്റെ വചന പ്രകാരം ആരാധിക്കുക എന്നർത്ഥം. കാരണം ദൈവത്തിന്റെ വചനമാണ് സത്യം (യോഹ. 17:17), ആകയാൽ ബൈബിളിൽ ഇല്ലാത്ത കാര്യങ്ങൾ നാം ആരാധനയിൽ ഉൾപ്പെടുത്താൻ പാടില്ല.

ഒന്നാം നൂറ്റാണ്ടിലെ സഭ, ആരാധനയിൽ ആചരിച്ചിരുന്ന അഞ്ചു കാര്യങ്ങൾ പുതിയ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു; പാട്ടു പാടുക, പ്രാർത്ഥിക്കുക, പ്രസംഗിക്കുക, ധർമ്മശേഖരം നടത്തുക, കർത്തൃമേശയിൽ നിന്നും ഭക്ഷിക്കുക എന്നിവയാണ്.

ക്രിസ്തുവിന്റെ സഭയുടെ ആരാധന നിങ്ങൾ ശ്രദ്ധിച്ച് മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ, മുകളിൽ പറഞ്ഞ അഞ്ചുകാര്യങ്ങളിൽ രണ്ടെണ്ണത്തിൽ മറ്റു നാമധേയ വിഭാഗങ്ങളുടെ ആരാധനയിൽ നിന്നും വ്യത്യസ്തമായ പരിശീലനമുള്ളതായി കാണാം. അതെന്തുകൊണ്ടാണെന്ന് വിശദീകരിക്കാൻ അനുവദിക്കുമല്ലോ.

**ഏതു തരം ഗീതങ്ങൾ**

പാട്ടു പാടുന്നതിൽ വ്യത്യസ്തമായ പരിശീലനം എന്തെന്നോ? ക്രിസ്തുസഭയുടെ ആരാധനയിൽ പാട്ടു പാടുമ്പോൾ ഉപകരണങ്ങൾ ഉപയോഗിക്കുകയില്ല. അതിന്റെ കാരണം ലളിതമാണ് . പുതിയനിയമത്തിൽ എങ്ങും അതു നിർദ്ദേശിച്ചിട്ടില്ല. പുതിയ നിയമത്തിൽ പറഞ്ഞിട്ടില്ലാത്ത ഒരു കാര്യം നാം ചെയ്താൽ അതു വചനാധികാരത്തിൽ നിന്നും അതിർ കടന്നു പോകൽ ആയിത്തീരും. പുതിയ നിയമത്തിൽ 8 വാക്യങ്ങളിൽ മാത്രമാണ് ഗീതങ്ങൾ ആലപിക്കുന്നതിനെ സംബന്ധിച്ച് പറയുന്നത് (മത്തായി 26:30; പ്രവൃത്തി 16:25 ; റോമർ 15:9; 1കൊരിന്ത്യർ 14:15; എഫെസ്യർ 5:19; കൊലൊസ്യർ 3:16; എബ്രായർ 2:12; യാക്കോബ് 5:13). ഈ ഭാഗങ്ങളിൽ ഒന്നിൽ പോലും

ഉപകരണങ്ങൾ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല.

ചരിത്രം നോക്കിയാൽ എ.ഡി.600 വരെ സഭയുടെ ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നില്ല. 8-ാം നൂറ്റാണ്ടോടുകൂടിയാണ് ഇതു പൊതുവായി ഉപയോഗിക്കാൻ തുടങ്ങിയത്. അന്ന് ജോൺ കാൽവിൻ, ജോൺ വെസ്ലി, ചാൾസ് തുടങ്ങിയ അദ്ധ്യക്ഷന്മാർ ഉപകരണങ്ങൾ ആരാധനയിൽ ഉൾപ്പെടുത്തുന്നതിനെ ശക്തിയായി എതിർത്തിരുന്നു. കാരണം പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടില്ല എന്നത് തന്നെ.

**കർത്തൃ മേശയെ സംബന്ധിച്ചോ?**

രണ്ടാമത്തെ വ്യത്യാസം കർത്താവിന്റെ അത്താഴത്തെക്കുറിച്ചാണ്. തന്നെ കാണിച്ചു കൊടുത്ത രാത്രിയിൽ യേശു, ഓർമ്മക്കായി സ്ഥാപിച്ചതാണ് ഇത് (മത്തായി. 26:26-28). കർത്താവ് മരിച്ചതിന്റെ സ്മരണക്കായിട്ടത്രേ ക്രിസ്ത്യാനികൾ ഇത് ആചരിക്കുന്നത് (1 കൊരിന്ത്യർ 11:24,28). പുളിപ്പില്ലാത്ത അപ്പവും മുന്തിരിച്ചാറും യേശുക്രിസ്തുവിന്റെ ശരീരത്തെയും രക്തത്തെയും സ്മരിക്കുന്ന പ്രതീകമാകുന്നു.

മറ്റു നാമധേയ വിഭാഗങ്ങൾ പല രീതിയിലും സമയത്തിലും ഇതിൽ പങ്കാളികളാകുന്നു. എന്നാൽ കർത്താവിന്റെ സഭയിലുള്ളവർ എല്ലാ ആഴ്ചവട്ടത്തിന്റെയും ഒന്നാം ദിവസം ഇതു ആചരിക്കുന്നു. കാരണം പുതിയ നിയമത്തിൽ ആദിമ സഭയുടെ മാതൃകയും അതാണ്. അപ്പോസ്തലന്മാർ അപ്പം നുറുക്കുവാൻ കൂടി വന്നതു ആഴ്ച വട്ടത്തിന്റെ ഒന്നാം നാളായിരുന്നു. (പ്രവൃത്തി. 20:7)

ആദിമ ക്രിസ്ത്യാനികൾ എല്ലാ ആഴ്ചയിലും അതു തുടർന്നിരുന്നു. എല്ലാ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലും എന്നു പറഞ്ഞിട്ടില്ലല്ലോ എന്നു വാദിക്കുന്നവരുണ്ട്. അതു വാസ്തവം തന്നെ. പക്ഷേ പഴയ നിയമത്തിൽ ശബ്ബത്തു ആചരിക്കണം എന്നേ ഉണ്ടായിരുന്നുള്ളു. യെഹൂദന്മാർ എല്ലാ ശബ്ബത്തു ദിനവും ആചരിക്കണമെന്ന് മനസിലാക്കി അതു ചെയ്തു. അതുപോലെ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ എല്ലാ ആഴ്ചയിലും ഉള്ളതു കൊണ്ട് എല്ലാ ആഴ്ചയിലും നാം കർത്തൃ മേശയിൽ നിന്നു ഭക്ഷിക്കണം.

ഒരാൾ എങ്ങനെ കർത്താവിന്റെ സഭയിലെ അംഗമായി തീരും എന്ന് ഒരുപക്ഷേ നിങ്ങൾ ചിന്തിച്ചേക്കാം. അതിന് കമ്മിറ്റിക്കാരുടെ

അനുവാദമോ, പള്ളിക്കാരുടെ പ്രത്യേക നിയമാവലികളോ ഇല്ല. ഒരാൾ പുതിയ നിയമകൽപനകൾ അനുസരിച്ച് ക്രിസ്ത്യാനിയായി തീരുമ്പോൾ അയാൾ സ്വാഭാവികമായും ക്രിസ്തുവിന്റെ സഭയിൽ ആയിതീരുന്നു. വിശ്വസിച്ച്, മാനസാന്തരപ്പെട്ട് ക്രിസ്തുവിനെ ഏറ്റു പറഞ്ഞ് പാപമോചനത്തിനായി സ്നാനമേല്ക്കുന്നവരെ ദൈവം രക്ഷിക്കുകയും അങ്ങനെയുള്ളവരെ അവൻ തന്റെ സഭയോടു ചേർക്കുകയും ചെയ്യുന്നു. കർത്താവിനെ അനുസരിച്ച് കീഴ്പ്പെട്ട് ജീവിക്കുക എന്നതിനപ്പുറമായി മറ്റൊന്നും ആരെക്കൊണ്ടും നാം ചെയ്യിക്കാവുന്നതല്ല.

ഞങ്ങൾ, ദൈവത്തിനായി സമർപ്പിക്കപ്പെട്ട ഒരു കൂട്ടം ആളുകളാണ്. ഞങ്ങൾ ദൈവജനമാണ്. ദൈവം പറഞ്ഞതിൽ അപ്പുറമായോ അതിൽ കുറച്ചോ യാതൊരു ലക്ഷ്യവും ഞങ്ങൾക്കില്ല. ഞങ്ങൾക്കൊപ്പം ആരാധനയിൽ ഏതൊരാളേയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ക്രിസ്തുവിൽ നിന്നു ഞങ്ങൾക്കു ലഭിച്ചതായ സന്തോഷവും രക്ഷയും മറ്റുള്ളവർക്കും ലഭിക്കണം എന്ന ആഗ്രഹമാണ് ഞങ്ങൾക്ക്, അതു വിലപ്പെട്ടതും ഒഴിച്ചു കൂടാൻ പറ്റാത്തതുമാണ്.

✶

# വിശ്വാസവും പ്രവർത്തിയും

## എം. കെ. കുര്യൻ

"വ്യർത്ഥ മനുഷ്യാ, പ്രവർത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്നു ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ?" എന്നു ദൈവം നമ്മോടു ചോദിക്കുന്നു (യാക്കോബ് 2:20).

എന്നാൽ ഈ ചോദ്യം വിശ്വാസികളോടു തന്നെ ചോദിച്ചിരിക്കുന്നു. എങ്കിലും അവിശ്വാസികൾക്കും ഈ ചോദ്യം ഒരുപോലെ ബാധകമായിരിക്കുന്നു. "അവിശ്വാസികൾ" എന്നു ഇവിടെ അഭിസംബോധന ചെയ്തിരിക്കുന്നത് സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു ജീവിതം തുടരുന്ന വിശ്വാസികളെ അടിസ്ഥാനമാക്കിയാണ്.

"തുടക്കത്തിൽ സത്യത്തിൽ നിന്നും അല്പം വ്യതിചലിച്ചാൽ അന്ത്യത്തിൽ അനേകം കാതം അകലത്തിലായിരിക്കും" എന്ന് അറി

സ്റ്റോട്ടിൽ എന്ന മഹാൻ പറഞ്ഞത് ഈ അവസരത്തിൽ സ്മരണീയ മാണ്. തുടക്കത്തിൽ വേദപുസ്തക സത്യത്തിൽ നിന്നു അല്പം വ്യതിചലിക്കയും ഈ അന്ത്യകാലത്തു അതിൽ നിന്നും അനേക കാതം അകലെ-എത്തിയിരിക്കയും ചെയ്തിരിക്കുന്ന വിവിധ നാമ ങ്ങളോടു കൂടിയ നൂറു കണക്കിനു സമുദായ സംഘടനകൾ "സത്യ വിശ്വാസികൾ" എന്ന പേരിന്നു യോഗ്യരല്ല എന്നു തെളിയുന്നു (എ ബ്രായർ 6:4,8)(2പത്രൊസ് 2:20-22). ഇവിടെ അവരുടെ വിശ്വാസം പ്രവൃത്തിയില്ലാത്തതാകയാൽ നിർജ്ജീവമാകുന്നു എന്നു മനസ്സിലാ ക്കാം.

ഇക്കാരണത്താലാണ് "ആത്മാവില്ലാത്ത ശരീരം നിർജ്ജീവമാ യിരിക്കുന്നതു പോലെ പ്രവർത്തിയില്ലാത്ത വിശ്വാസവും നിർജ്ജീ വമാകുന്നു" എന്നു തീരുവചനം പഠിപ്പിക്കുന്നത്. ലളിതമായി പറ ഞ്ഞാൽ പ്രവൃത്തി ഇല്ലാഞ്ഞാൽ വിശ്വാസിയും അവിശ്വാസിയും ഒരു പോലെ ആത്മീയമായി മരിച്ച അവസ്ഥയിലാണെന്ന് അർത്ഥം (യാക്കൊബ് 2:26). അവിശ്വാസി സുവിശേഷം എന്ന സത്യവചനം കേട്ട് വിശ്വസിക്കുകയും മാനസ്സാന്തരപ്പെട്ടു, യേശുക്രിസ്തു ദൈവ പുത്രൻ എന്നുള്ള വിശ്വാസം ഏറ്റുപറകയും പാപങ്ങളുടെ മോചന ത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുകയും ചെയ്താൽ പരിശുദ്ധാത്മ ദാനം ലഭിച്ചു രക്ഷിക്കപ്പെടുകയും പ്രവർത്തികളാൽ സത്യവിശ്വാസി ആയിത്തീരുകയും ചെയ്യുന്നു. തുടർന്നും മരണം വരെ വിശ്വാസത്തോടുകൂടി പ്രവൃത്തിയും ഉണ്ടാ യിരിക്കണം. "എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ" എന്ന് പ്രബോധിപ്പിക്കുവാൻ കാരണവും ഇതുതന്നെ. വചനാനുസ രണം ജീവിക്കുന്നതാണ് പ്രവർത്തി. അതിന്നായി നാം എന്തു ചെയ്യ ണമെന്നും പഠിക്കുന്നു. "സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തിചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും." എന്നു പഠിപ്പിക്കുന്നതു ശ്രദ്ധിച്ചാലും!(യാക്കൊബ് 1:22-25).

ഇന്നു സത്യവിശ്വാസികളിലും അന്ധവിശ്വാസികളിലും അനേകം പേർക്ക് വിശ്വാസത്തെയും പ്രവർത്തിയെയും കുറിച്ചു പലതരത്തി ലുള്ള തെറ്റിദ്ധാരണകളുണ്ട്. കൊലപാതകം, വ്യഭിചാരം, മദ്യപാ

നം, പുകവലി, ഇവ മാത്രം ഉപേക്ഷിച്ചാൽ വിശ്വാസത്തിലും പ്രവർത്തിയിലും തികഞ്ഞവരായി എന്ന് അവർ വ്യർത്ഥമായി നിരൂപിക്കുന്നു. ഇപ്രകാരമുള്ള നിരൂപണങ്ങളെല്ലാം സത്യവിശ്വാസത്തിന്നു വിരുദ്ധമാണ്. എങ്കിലും ഇതെല്ലാം പാടേ ഉപേക്ഷിക്കുന്നതു നന്നു. അവർക്കു മനുഷ്യരുടെ ഇടയിൽ ഒരു ബഹുമതി ഉണ്ടെന്നുള്ളതു സ്പഷ്ടം. എന്നാൽ ആ ബഹുമതി കൊണ്ട് അവർ രക്ഷ പ്രാപിക്കുമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നില്ല(യാക്കോബ് 2:14-20). സഹോദരനോടു കോപിക്കുന്നതും, സഹോദരനെ നിസ്സാരനും, മൂഢനുമായി കണക്കാക്കുന്നതും കൊലപാതകത്തിനു തുല്യമായ ശിക്ഷ അർഹിക്കുന്നു. നമുക്ക് കോപം ഉണ്ടാകാതിരിക്കുമോ? മറ്റുള്ളവരെ നിസ്സാരന്മാരായും മൂഢൻമാരായും നാം കണക്കാക്കാറില്ലേ? (മത്തായി 5:21-22) "സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി." എന്നും പഠിപ്പിക്കുന്നു(മത്തായി 5:28). ഒരു സ്വയ പരിശോധനയ്ക്ക് നാം നമ്മെ തന്നേ വിധേയമാക്കുക. അപ്പോൾ ദൈവമുമ്പാകെ നാം എല്ലാവരും കുറ്റക്കാരാണെന്നു നമുക്കു ബോധ്യം വരും (ലൂക്കൊസ് 18:9-14).

"എന്നാൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വാസ്തനും നീതിമാനും ആകുന്നു. ഇത് എപ്രകാരം ഒരു യാഥാർത്ഥ്യമാക്കാം? ക്രിസ്തുവിന്റെ ഉപദേശത്തിൽ നാം നിലനിൽക്കണം. ആ ഉപദേശം അപ്പോസ്തലന്മാരുടെ പ്രയത്നത്താൽ ലഭിച്ചതും ആയിരിക്കണം (2യോഹന്നാൻ 8,9). "ഞാൻ സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" എന്നും പഠിപ്പിക്കുന്നു (യോഹന്നാൻ 6:63). ക്രിസ്തുവിന്റെ വചനത്തിൽ നിലനിന്നു ജീവിക്കുമ്പോൾ ആ വചനം നമ്മുടെ ഹൃദയത്തിൽ സ്ഥിരമായി വസിക്കും. അതിന്റെ അർത്ഥം പിതാവും പുത്രനും, പരിശുദ്ധാത്മാവും ആയ ദൈവം നമ്മിൽ വസിക്കും (യോഹന്നാൻ 2:1-14 ; 14:23,24; 1കൊരിന്ത്യർ 6:9). കോപിച്ചാൽ പാപം ചെയ്യാതിരിപ്പാനും, സൂര്യൻ അസ്തമിക്കുന്നതിന്നു മുമ്പ് കോപത്തെ അകറ്റിക്കളവാനും ദൈവം നമ്മുടെ ഉള്ളിലിരുന്നു കൊണ്ടു പ്രവൃത്തിക്കും (വചനം നമ്മെ സഹായിക്കും എന്ന് അർത്ഥം) (യോഹന്നാൻ 1:1-18) ഈ പ്രവൃത്തി കൊലപാതകത്തെ ഒഴിവാക്കും (യാക്കോബ് 1:19-25 ; എഫെസ്യർ 4:26) സ്ത്രീയെ നോക്കി

മോഹിച്ചാൽ ആ മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുവാനും തന്നിമിത്തം പാപം മുഴുത്തിട്ടു മരണത്തെ പെറുവാനും ഇടവരുത്താതെ ദൈവവചനം നമ്മെ സഹായിക്കും (മത്തായി 5:28; യാക്കോബ് 1:14,15; 1യോഹന്നാൻ 2:1,2).

നമ്മുടെ ഇടയിലുള്ള ധനവാന്മാർ ഉന്നത ഭാവം കാണിക്കാതെ ദൈവത്തിൽ ആശവെപ്പാനും, നന്മ ചെയ്യുവാനും, സൽപ്രവൃത്തിളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സാക്ഷാലുള്ള ജീവനെ പിടിച്ചു കൊള്ളുന്നവരും തൽഫലമായി അവസാനം നല്ലൊരു നിക്ഷേപത്തിന്റെ അടിസ്ഥാനമുള്ളവരായിത്തീരുവാനും, മുഖപക്ഷം കാണിക്കാതിരിപ്പാനും ദൈവ വചനം അവരെ സഹായിക്കും (1തിമോഥെയൊസ് 6:17–19; യാക്കോബ് 2:1–13; 1യോഹന്നാൻ 3:17–24), ക്രിസ്തുവിന്റെ ഉപദേശത്തിൽ ഇപ്രകാരം നിലനിന്നു ജീവിക്കുമ്പോൾ നമുക്കു യാദൃശ്ചികമായി സംഭവിക്കുന്ന കുറ്റങ്ങളെയും, കുറവുകളെയും ഓർത്ത് പശ്ചാത്തപിച്ചു, മാനസാന്തരപ്പെടുകയും പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കയും ചെയ്യുന്നപക്ഷം അപ്രകാരമുള്ള നമ്മുടെ ജീവിതത്തിന്റെ ഫലം വിശുദ്ധീകരണവും അന്തം നിത്യജീവനും ആകും (റോമർ 6‘17,18; 2യോഹന്നാൻ 8,10). സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ദൈവം ഇച്ഛിക്കുന്നു എന്നു പഠിപ്പിക്കുന്നതു ഇക്കാരണത്താലാണു (1തിമോഥെയൊസ് 2:1–7). നമ്മിൽ വസിക്കുന്ന ആത്മാവിന്റെ ഫലം നമ്മിൽ ഒരു യാഥാർത്ഥ്യമായിത്തീരും (ഗലാത്യർ 5:22,23).

വചന വിരുദ്ധമായ വിവിധ നാമങ്ങളാൽ അറിയപ്പെടുന്ന സമുദായ നേതാക്കന്മാരുടെ വചന വിരുദ്ധമായ ദുരുപദേശങ്ങളെ ഉപേക്ഷിച്ചു പുതിയ നിയമ ക്രിസ്ത്യാനിത്വത്തിലേക്കു തിരിച്ചു വരാത്ത പക്ഷം ആർക്കും ദൈവ കൃപ ലഭിക്കുന്നതല്ല എന്നു ചിന്തിച്ചാലും (എഫെസ്യർ 2:1–10).

വിശ്വാസവും പ്രവൃത്തിയും വചനാനുസരണം നമ്മിൽ ഒരു യാഥാർത്ഥ്യമായിത്തീരുവാൻ നമുക്കു ദൈവകൃപക്കായി അവനോടു അപേക്ഷിക്കാം.

★

# 'ഭൂമിയുടെ അറ്റത്തോളവും'

## കളത്തുകാൽ, രാജദാസ്

സത്യവേദപുസ്തകം യഥാർത്ഥമായും ദൈവത്തിന്റെ വാക്കുകളടങ്ങുന്നതാകുന്നു. ഈ ഗ്രന്ഥം മനുഷ്യ നിർമ്മിതമാണെങ്കിലും സൃഷ്ടാവായ ജീവനുള്ള ദൈവത്തിന്റെ ഉപദേശങ്ങളാണ് ഇതിൽ ഉള്ളത്.

ഒരു കാലത്ത് സത്യവേദ പുസ്തകം തീച്ചൂളയിൽ വലിച്ചെറിയപ്പെട്ടവയാണ്. അപ്രകാരം വചനം സംസാരിക്കുന്നവരെ ഉപദ്രവിക്കയും കൊല്ലുകയും ചെയ്തിരുന്നു.

എ.ഡി. 1793-ൽ ഫ്രഞ്ച് നാഷണൽ അസംബ്ളിയിൽ ഒരു ബില്ല് പാസ്സാക്കി. എന്തിനു വേണ്ടിയായിരുന്നുവെന്നോ? ബൈബിൾ നശിപ്പിച്ചു കളയുവാൻ. എന്നാൽ അതുകൊണ്ടൊന്നും ദൈവ കൃപയാൽ വചനം നശിച്ചില്ല. 1816-ൽ അമേരിക്കൻ ബൈബിൾ സൊസൈറ്റി പോലുള്ള സംഘടനകൾ ആവിർഭവിക്കയും, സത്യവേദ പുസ്തകം പ്രപഞ്ചത്തിന്റെ വിവിധഭാഗങ്ങളിൽ എത്തിച്ചേരുകയും ചെയ്തു, ആയതിനാൽ മനുഷ്യൻ ദൈവവചനം വായിച്ച് ഗ്രഹിക്കയും അവന്റെ വീഥിയിൽ നടക്കാൻ സാധിക്കയും ചെയ്യുന്നും.

ദൈവത്തിന്റെ വചനങ്ങളോ? ദൈവത്തിന്റെ വചനം ജീവനും ചൈതന്യമുള്ളതും ഇരുവായ്തലയുള്ള ഏത് വാളിനെക്കാളും മൂർച്ചയുള്ളതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കുന്നതു വരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രായർ 4:12).

പാപത്തിൽനിന്നും അതിന്റെ ശാപത്തിൽ നിന്നും നമ്മെ ഉദ്ധരിക്കേണ്ടതിന് യേശുക്രിസ്തു മുഖേന ദൈവം നമുക്കായി ഒരു രക്ഷ ഒരുക്കിയിരിക്കുന്നു. ഏദൻ പറുദീസയിൽ നടന്ന അനുസരണക്കേടും കയീന്റെ കുലപാതക സംഭവം മുതൽ ഇന്നുവരെയുള്ള എല്ലാ പാപി

കൾക്കും വേണ്ടി കർത്താവായ യേശുക്രിസ്തു ക്രൂശ്മരണം ഏൽക്കേണ്ടിവന്നു. അവന്റെ പ്രാണനെ ഒരോ വ്യക്തിക്കും ബലിയായി അർപ്പിച്ചു. ക്രിസ്തു ലോകരക്ഷകനും അനുഗ്രഹത്തിന്റെയും ശാശ്വതമായ സമാധാനത്തിന്റെ വാതിലും ആകുന്നു. മനുഷ്യവർഗ്ഗത്തിന്റെ ഉദ്ധാരണത്തിനും വീണ്ടെടുപ്പിനും വേണ്ടി ജനിച്ചവനും ആകുന്നു:

ഈ ഭൂമിയിൽ നിന്ന് ആരോഹണം ചെയ്യുന്നതിന് തൊട്ട് മുമ്പായി, കർത്താവായ യേശുക്രിസ്തു ശിഷ്യന്മാർക്ക് ഒരു വാഗ്ദാനം കൊടുത്തു. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തിലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും "ഭൂമിയുടെ അറ്റത്തോളവും" എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു (പ്രവൃത്തി 1:8).

ആദ്യ മനുഷ്യർ അതിമോഹങ്ങൾക്കും പ്രലോഭനങ്ങൾക്കും വശം വദരാകുകയും അങ്ങനെ സൃഷ്ടാവുമായുള്ള സകല സംസർഗ്ഗവും നിലച്ചുപോകുകയും ചെയ്തു. തന്മൂലം മനുഷ്യർ അരിഷ്ടപാപികളാകുകയും പൈശാചിക സ്വഭാവം അവരിൽ കടന്ന് കൂടുകയും ചെയ്തു. ആയതിനാൽ മർത്യനെ നീറിപുകയുന്ന അഗ്നികുണ്ഠത്തിലും വേദനയുടെ അഗാധമായ ശവക്കുഴിയിലേക്കും വലിച്ചെറിയപ്പെട്ടു. മനുഷ്യരെ ഈ കഷ്ടപ്പാടിൽനിന്നും പാപകരമായ ഈ ജീവിതത്തിൽനിന്നും കരകയറ്റുവാൻ. സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു. ക്രിസ്തുവിന് മുമ്പായി തന്റെ ദൂതനെ (സ്നാപക യോഹന്നാൻ ) ഈ ഭൂമിയിലേക്ക് അയച്ചു. കർത്താവായ യേശുക്രിസ്തുവിന് വഴിയൊരുക്കാൻ. ക്രിസ്തുവിന് സ്നാനത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യമില്ലായിരുന്നുവെങ്കിലും ഒരു കീഴ്വഴങ്ങലും നീതിയുമായാണ് ഇവിടെ വർണ്ണിച്ചുകാണുന്നത്.

ആദിമ' ക്രൈസ്തവ സഭാചരിത്രം നാം പരിശോധിച്ചുനോക്കുമ്പോൾ അതിഭയങ്കരമായ മതപീഡനങ്ങൾ കൊണ്ട് വളരെ അധികം കഷ്ടം സഹിച്ച ഒരു വ്യക്തിയായിരുന്നു വിശുദ്ധ പൗലൊസ്. ബൈബിൾ സത്യങ്ങൾ തുറന്ന് പറയുകയും തെറ്റ് ചൂണ്ടി കാട്ടുകയും ചെയ്തപ്പോൾ ന്യായമില്ലാത്ത ആചാരങ്ങൾ പ്രസംഗിക്കുന്നുവെന്ന കുറ്റം പൗലൊസിന്റെമേൽ ചുമത്തി. "ഒരിക്കൽ

പൗലൊസും ശീലാസും പ്രാർത്ഥന സ്ഥലത്തേക്കു വന്നപ്പോൾ കൈനോക്കി ലക്ഷണം പറയുന്ന ഒരു സ്ത്രീയെ കണ്ടു (വെളിച്ചപ്പാടത്തി). ആ വരുമാനം കൊണ്ട് യജമാനന്മാർക്ക് വളരെ പണം സമ്പാദിക്കാൻ ഇടയുണ്ടായി. ആ സ്ത്രീ പൗലൊസിനെയും മറ്റു അനുയായികളേയും കണ്ടുകൊണ്ട് "ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ രക്ഷാമാർഗ്ഗം നിങ്ങളോട് അറിയിക്കുന്നവർ എന്നു വിളിച്ചുപറഞ്ഞു." ഇപ്രകാരം അവർ പല ദിനങ്ങൾ ചെയ്യുകയുണ്ടായി. പൗലൊസ് കോപത്തോടെ അവളിൽ കുടികൊണ്ടിരുന്ന സാത്താനോട് അവളിൽ നിന്ന് വിട്ടു പോകാൻ യേശുവിന്റെ നാമത്തിൽ നിന്നോട് പറയുന്നു എന്ന് പറഞ്ഞു. ആ യാമത്തിൽ തന്നെ പിശാച് അവളെ വിട്ടു പോയി. ഇതുമൂലം യജമാനന്മാർക്ക് തങ്ങളുടെ വരവ് കിട്ടാതെയായി. ആയതിനാൽ പൗലൊസിനെയും ശീലാസിനെയും ബലാൽക്കാരമായി വലിച്ച് ഇഴച്ചു പ്രമാണികളുടെ അടുത്തേക്ക് കൊണ്ടുപോയി. അധിപതികളുടെ മുമ്പിൽ നിറുത്തി (പ്രവൃത്തി 16:22-23). അധിപതികൾ അവരുടെ വസ്ത്രം പറിച്ചുരിഞ്ഞു കോൽകൊണ്ട് അവരെ അടിപ്പാൻ കൽപ്പിച്ചു. അവരെ വളരെ അടിപ്പിച്ചശേഷം കാരാഗൃഹത്തിലാക്കി. കാരാഗൃഹപ്രമാണിയോട് അവരെ സൂക്ഷ്മത്തോടെ കാപ്പാൻ കൽപ്പിച്ചു. ഇത് എന്ത് വിഷാദകരമായ പ്രശ്നമാണ്? കല്പന പോരാത്തതിന് മർദ്ദനം കൂടി. ക്രിസ്തുവിന്റെ സാക്ഷികൾ ആയിത്തീർന്ന ഇതുപോലുള്ള അനേകം വ്യക്തികൾ മരണത്തിനും മർദ്ദനത്തിനും ഇരയായിത്തീർന്നിട്ടുണ്ട്.

ഇതുപോലെ തന്നെ വിശുദ്ധന്മാരായിരുന്ന അപ്പൊസ്തലന്മാർക്കും വളരെ അധികം യാതനകൾ സഹിക്കേണ്ടി വന്നു. പ്രവൃത്തി 5:40- അപ്പൊസ്തലന്മാരെ വരുത്തി അടിപ്പിച്ചു. ഇനി യേശുവിന്റെ നാമത്തിൽ സംസാരിക്കരുത് എന്നു കൽപിച്ചു അവരെ വിട്ടയച്ചു, ശിഷ്യന്മാരുടെ പ്രവചന പ്രസംഗംമൂലം അനേകം സ്ത്രീകളും പുരുഷന്മാരും മാനസാന്തരത്തിലേക്ക് വരികയുണ്ടായി. മേല്ക്കുമേൽ ക്രിസ്തുവിന്റെ നാമം ദേശമെങ്ങും നിറയാൻ തുടങ്ങി. ഇത് മറ്റുള്ള ഉറങ്ങിയ മതക്കാർക്ക് അസൂയക്ക് ഇട വരുത്തി. നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയർപ്പിച്ചു: പ്രവൃത്തി 5:30. അപ്രകാരം, തന്നെ (വാക്യം.31) യിസ്രായേലിന് മാനസാന്തരവും പാപമോചനവും നൽകുവാൻ

ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു.

ഇപ്രകാരം തന്നെ യേശുക്രിസ്തുവിന്റെ സാക്ഷിയായിത്തീർന്ന സഹോദരൻ സ്തെഫാനൊസ്, വചനങ്ങൾക്കും യേശുക്രിസ്തുവിന്റെ ഉപദേശത്തിനും അനുസരണമുള്ള വ്യക്തി എന്ന നിലക്ക് അവസാനം ദൈവത്തോടുള്ള വിശ്വസ്തത പ്രദർശിപ്പിച്ചു. സ്തെഫാനോസ് ഒരു ചിത്രം തന്നെ വരച്ചുകാട്ടുകയാണ് ചെയ്തതെന്നു പറയാം.

നീതിമാനായവന്റെ വരവിനെക്കുറിച്ചു മുൻ അറിയിച്ചവരെ അവർ കൊന്നുകളഞ്ഞു. അങ്ങനെ നിങ്ങൾ ഇപ്പോൾ ദ്രോഹികളും കൊലപാതകരും ആയിത്തീർന്നു. നിങ്ങൾ ദൈവദൂതന്മാരുടെ നിയോഗങ്ങളായി ന്യായപ്രമാണം പ്രാപിച്ചു എങ്കിലും അത് പ്രമാണിച്ചില്ല (പ്രവൃത്തി 7:52,53). ഇത് യെഹൂദന്മാരുടെ ശ്രവണപുടങ്ങളിൽ അഗ്നി പർവ്വതം പൊട്ടുന്ന പ്രതീതിയാണ് ഉണ്ടാക്കിയത്. അവർ കോപത്തോടെ പല്ലുകടിച്ചു. എന്നാൽ സ്തെഫാനൊസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കി. “ദൈവമഹത്വവും യേശു ദൈവത്തിന്റെ വലത്ത് ഭാഗത്ത് നില്ക്കുന്നതും ഞാൻ കാണുന്നു എന്നു പറഞ്ഞു. യെഹൂദന്മാർ ചെവിപൊത്തിക്കൊണ്ട് അവന്റെ നേരെ പാഞ്ഞുചെന്നു. അവനെ നഗരത്തിൽ നിന്നും തള്ളി പുറത്താക്കി കല്ലെറിഞ്ഞു.

ക്രിസ്തുവിന്റെ സാക്ഷിയായിത്തീർന്ന സഹോദരൻ സ്തെഫാനൊസ് മരിക്കുന്നതിനുമുമ്പ് ക്രിസ്തു പറഞ്ഞ കല്പനകൾ അവൻ അനുസരിച്ചു. നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ (മത്തായി 5:4) മരിക്കുന്നതിന് തൊട്ടുമുമ്പ് സ്തെഫാനൊസ് മുട്ടുകുത്തി പ്രാർത്ഥിച്ചു. അപ്രകാരം ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കാൻ അത്രേ ക്രിസ്തു പറഞ്ഞിരിക്കുന്നത്. അവൻ നിറവേറ്റി. ഇതുപോലെ നമുക്ക് ഓരോരുത്തർക്കും ക്രിസ്തുവിന്റെ സാരഥികൾ ആകാം. ക്രിസ്തുവിനെ കുറിച്ചോ ദൈവിക വചനങ്ങളെ കുറിച്ചോ ഏതൊരു അറിവും ഇല്ലാത്തവരെ അവന്റെ വഴിയിൽ നടത്തുക എന്നതാണ് ക്രിസ്തുവിന്റെ സാക്ഷികളുടെ കർത്തവ്യം. നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ (മർക്കൊസ് 16:15). “ഭൂമിയുടെ അറ്റത്തോളുവും”എന്റെ സാര

ഥികൾ ആകുവിൻ. വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും.

★

സ്ത്രീകൾക്കു വേണ്ടി

# അവൾ സ്ത്രീ എന്നു വിളിക്കപ്പെടും

## ബെറ്റി. ബി.സി.

സ്ത്രീത്വത്തിന്റെ മാഹാത്മ്യം കലാസാഹിത്യത്തിൽ മാത്രമല്ല; ആത്മീയ ഗോളത്തിലും പ്രതിപാദിച്ചിട്ടുണ്ട്. ഒരു കുഞ്ഞ് ജനിച്ചു എന്നു കേൾക്കുന്നതോടെ ചോദിക്കുന്ന മറ്റൊരു ചോദ്യമാണ്, കുട്ടി ആണോ പെണ്ണോ എന്നത്. ആണാണ് എന്നു കേട്ടാൽ ആഹ്ളാദം മുഖത്ത് പ്രതിഫലിക്കും. പെണ്ണാണ് എന്നു കേട്ടാൽ മുഖം വാടുന്നു. എന്താണ് ഇതിനു കാരണം? സ്ത്രീത്വത്തിന്റെ വില ഇടിഞ്ഞിരിക്കുകയാണോ? അതോ സ്ത്രീകളോട് എല്ലാവർക്കും പുച്ഛമാണോ? പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾ ആണ് ചില രാജ്യങ്ങളിൽ ഉള്ളത്. മുൻപ് ഇതിനു മറ്റൊരു വശമുണ്ടായിരുന്നു. അതായത് സ്ത്രീകളേക്കാൾ കൂടുതൽ പുരുഷന്മാർ ആണ് ഉണ്ടായിരുന്നത്. എണ്ണം പെരുകിയതുകൊണ്ട് പെൺവർഗ്ഗത്തിന്റെ മേൻമ ഇല്ലാതാവുകയാണോ? ഇവിടെയാണ് ഓരോരുത്തരും തങ്ങളുടെ മനഃസാക്ഷി ഉണർത്തി ചിന്തിക്കേണ്ടത്. കുടുംബത്തിലും സമൂഹത്തിലും രാഷ്ട്രത്തിലും സ്ത്രീക്കു പ്രാധാന്യമുണ്ട്. അതിനെ ആരും അവഗണിക്കുകയില്ല. ഒരു പെൺകുഞ്ഞ് വളർന്ന് ഭാര്യയായും പിന്നീട് അമ്മയായും തീരുന്നു.

ഭൗതികമായി ഭാര്യയാവുക, അമ്മയാവുക എന്നൊക്കെ പറയുന്നത് വലിയ പ്രയാസമൊന്നും ഉള്ള പ്രവൃത്തിയല്ല. ഇത്തരം സംഭവങ്ങൾ ഓരോ വർഷവും കോടിക്കണക്കിനു നടന്നുകൊണ്ടിരിക്കുന്നു. പലപ്പോഴും വലിയ കാഴ്ചപ്പാടോ തയ്യാറെടുപ്പോ ഇല്ലാതെയാണ് നടക്കുന്നത്. ഒരു ശരീരത്തിനുള്ളിൽ പുതിയ ജീവിതം രൂപം

കൊള്ളുമ്പോൾ, ആ സ്ത്രീയുടെ കരുതൽ കൊണ്ടും അതുകൂടാതെ ശരീരം അതിനെ മാനിക്കുന്നുമുണ്ട്. ഗർഭച്ഛിദ്രംമൂലം അവരുടെ ഉള്ളിൽ രൂപം കൊള്ളുന്ന ജീവിതങ്ങളെ ഒടുക്കികളയുന്ന പൊതുവായ ഒരു പ്രവണത ചില സ്ത്രീകളിൽ കാണുന്നുണ്ട്. ഇതു ദൈവത്തിന് എതിരായി ചെയ്യുന്ന വലിയ പാപമാണ്. ഒരു നിരപരാധിയെ വകവരുത്തുന്ന സ്വഭാവം ആ സ്ത്രീ തന്റെ ശരീരത്തിനെതിരായി ചെയ്യുന്ന ക്രൂരകൃത്യമാണ്. ഈ കുറ്റകൃത്യത്തെ പലരും ന്യായീകരിക്കുന്നുണ്ടെങ്കിലും ദൈവ മുമ്പാകെ അതു നിഷേധിക്കാനാവാത്ത തെറ്റുതന്നെയാണ്. എങ്കിലും ഇത്തരം കൊലപാതകങ്ങൾ എത്രയോ നടക്കുന്നുണ്ട്. മാതൃത്വത്തെ മാനിക്കാത്ത ഈ സ്ത്രീകളെ കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

എന്നാൽ ഭൂരിഭാഗം കുട്ടികളും പ്രകൃതി നിയമമനുസരിച്ച്, നിശ്ചയിക്കപ്പെട്ട സമയത്ത് വളർന്ന് ലോകത്തിൽ കടന്നു വരുന്നു. അതാണ് ഒരു ശിശുവിന്റെ പിറവി. ചിലപ്പോൾ ദാരിദ്ര്യാവസ്ഥയിൽ ജനിക്കുന്നു; മറ്റു ചിലത് സമ്പന്നാവസ്ഥയിൽ ജനിക്കുന്നു. വലിയ കുടുംബത്തിലേക്കോ, ചെറിയ കുടുംബത്തിലേക്കോ ആകാം വരവ്, ഒരു പക്ഷേ സ്വാഗതം ചെയ്തെന്നും ഇല്ലെന്നും വരാം. അങ്ങനെ പല ചുറ്റുപാടുകളിലും രീതികളിലുമാണ് ശിശുക്കൾ ജനിക്കുന്നത്. ഓരോന്നിനും അതിന്റേതായ വ്യത്യാസം നമുക്കു കാണാം. എന്നാൽ ഈ നിസ്സഹായ മനുഷ്യ ജീവിക്ക് പ്രാധാന്യമുള്ള ഒന്ന് ദൈവം നല്കിയിരിക്കുന്നു; അതാണ് ഒരു മാതാവ്.

ഒരു അമ്മയായി തീരുക എന്നു പറഞ്ഞാൽ എന്താണ്? ഭൗതികമായി ഒരു കുഞ്ഞിന് ജന്മം നൽകുന്ന സാധാരണ സ്ത്രീയെയല്ല ഞാൻ ഉദ്ദേശിക്കുന്നത്. ഒരു മാതാവ് വാസ്തവത്തിൽ ആരാണ്?

1. ഒരു അമ്മ സ്നേഹമാണ്. പുതിയ ജീവനോടുള്ള സ്നേഹം. കുഞ്ഞിനോടുകൂടെ വളർന്നു വരുന്നു. ശിശു മാതാവിന്റെ ഉദരത്തിൽ ചലിക്കാൻ തുടങ്ങുമ്പോൾ പ്രത്യേകിച്ച് അവളിൽ സ്നേഹം വളർന്നുവരുന്നതായി അനുഭവപ്പെടുന്നു. പിന്നീട് അത് ജനിച്ച് വീഴുമ്പോൾ, അവൾ തന്റെ കൈകളിലെടുക്കുന്ന നിസ്സഹായാവസ്ഥയിലിരിക്കുന്ന കുഞ്ഞ് തന്നെ ആശ്രയിച്ച് മാത്രം കഴിയുന്നതുകൊണ്ട് അതിനോടുള്ള സ്നേഹവായ്പ് ശക്തമായി തീരുന്നു. കുഞ്ഞിന്റെ വളർച്ചയിലുള്ള പുരോഗതി അവൾ സസൂക്ഷ്മം പരിശോധിക്കുന്നു; കുട്ടിയുടെ നേട്ടങ്ങൾ ഓരോന്നായി അവൾക്കു ബോദ്ധ്യമാകുകയും

ചെയ്യും. കുഞ്ഞ് ക്രമേണ നടക്കുവാനും പിന്നീട് സ്കൂളിൽ പോയി പഠിക്കുവാനും തുടങ്ങുന്നു. അങ്ങനെ ശിശു വളരുന്നതോടെ അവളിലെ മാതൃത്വത്തിന്റെ സ്നേഹവും വളർന്നു തുടങ്ങുന്നു. മാനുഷികമായ ഏതൊരു ബന്ധത്തെക്കാളും വലിയൊരു ബന്ധമാണ് ഒരു മാതാവിന് തന്റെ കുട്ടിയോടുള്ള സ്നേഹബന്ധം.

2. സൗമ്യതയാണ് ഒരു മാതാവ്. ഭൗതികമായി തന്റെ മകനെയോ മകളെയോ കരുതുന്ന ഒരു സ്ത്രീ, കളിച്ചു കൊണ്ടിരിക്കുന്ന കുട്ടിയെ വാരിയെടുത്ത് മുത്തം കൊടുക്കുന്നു. ഭയപ്പെടുകയോ ഉപദ്രവം ഏല്ക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ അവരോടുള്ള അവളുടെ സമീപനം തികച്ചും വിനീതമായിട്ടായിരിക്കും. കാഠിന്യമായ പെരുമാറ്റം സാധാരണ ഒർമ്മയിൽ നിന്നും കാണപ്പെടുകയില്ല.

3. അമ്മ ഒരു പങ്കാളിയാണ്? ഞാൻ ഒരു യുവതിയായി വളർന്നു വരുന്ന സമയത്ത് എന്റെ ജീവിതത്തിൽ അനുഭവപ്പെട്ട നിരാശയും പീഡനവും എനിക്ക് ഓർമയുണ്ട്. എന്നാൽ എന്റെ കുട്ടികൾ കഷ്ടപ്പെടുകയും ഉപദ്രവിക്കപ്പെടുകയും ചെയ്യുമ്പോൾ അനുഭവപ്പെടുന്ന അത്രവേദന അന്നെനിക്ക് ഉണ്ടായിരുന്നില്ല. എന്റെ ഹൃദയത്തിൽ അവരോടുള്ള മനസലിവ് നിറയുന്നതിനാൽ അവരുടെ വേദന അകറ്റുവാൻ എന്റെ സർവ്വ ശക്തിയും കഴിവും ഉപയോഗിക്കുവാൻ ഞാൻ തയ്യാറാവുന്നു. ഒരു മാതാവിന്റെ പങ്കാളിത്തമാണ് ഇവിടെ കാണപ്പെടുന്നത്.

4. മാതാവ് ഒരു ത്യാഗമായി സമർപ്പിക്കുന്നു. നല്ല ആഹാരം എല്ലാവർക്കും കൊടുക്കുവാനോ, കീറിത്തുടങ്ങിയ വസ്ത്രങ്ങൾക്കു പകരം പുതു വസ്ത്രങ്ങൾ നല്കുവാനോ വേണ്ടത്ര പണം ഇല്ലാതെ വരുമ്പോൾ, മാതാവ് ചിലപ്പോൾ വയറു മുറുക്കിയുടുത്ത്. ലുബ്ധിച്ച് മക്കളുടെ സുഖത്തിനു വേണ്ടി ത്യാഗമായി തീരുന്നു. ഏതു തരത്തിൽ ആയാലും തന്റെ കുടുംബത്തിൽ ഒരു ബലിയായി മാറുവാൻ മാതാവെന്ന സ്ത്രീത്വം ഒരുമ്പെടുന്നു. ഇത് ആരും അവളെ നിർബന്ധിച്ചിട്ടല്ല. അവളിലുള്ള സ്നേഹം പ്രവൃത്തിയിലൂടെ കാണപ്പെടുന്ന സമർപ്പണമാണ്.

5. അമ്മ ശിക്ഷണ നിരതയാണ്. ഒരു മാതാവ് തന്റെ കുഞ്ഞുങ്ങളെ വാസ്തവമായി സ്നഹിക്കുന്നുവെങ്കിൽ അവർക്ക് ഭേദഗതി ആവശ്യമുള്ളപ്പോൾ ശരിയായ ശിക്ഷണം നല്കുവാൻ അവൾ മടി

ക്കുകയില്ല. ശരിയായ അതിരുകൾക്കപ്പുറം അവർ പോകുമ്പോൾ അതു തടഞ്ഞ് അനുവദനീയവും നീതിപൂർവ്വവുമായ കാര്യങ്ങൾ മാത്രം അറിയുവാനും പ്രവർത്തിക്കുവാനും അവർ അങ്ങനെ ശീലിക്കും. പിതാവ് വീട്ടിൽ എല്ലാ സമയത്തും കാണപ്പെടാത്തതിനാൽ കുട്ടികൾ തെറ്റുപ്രവർത്തിക്കുന്നതു തടയപ്പെടേണ്ടതു ആവശ്യമാണ്, അത് ഒരമ്മയുടെ കടമയുമാണ്.

6. ഒരു മാതാവ് തന്റെ കുട്ടികളെ പരിശീലിപ്പിക്കും. സ്ത്രീകളായ നമുക്ക് എല്ലാവർക്കും മനസുകളുണ്ടല്ലോ. അതു കൊണ്ട് എല്ലാ കാര്യങ്ങളിലും കുട്ടികളെ നിയന്ത്രിക്കുവാനും അവർക്കുവേണ്ട വഴി കാണിച്ചു കൊടുക്കുവാനും പിതാവിനെ തന്നെ ഭരമേൽപ്പിക്കുന്നതും ആശ്രയിക്കുന്നതും ശരിയല്ല. നമ്മുടെ വാക്കുകളാലും മാതൃകയുള്ള ജീവിതത്താലും അവരെ പഠിപ്പിക്കണം. അവരുടെ വിദ്യാഭ്യാസത്തിൽ നമുക്ക് അവരെ സഹായിക്കാം. എന്നാൽ ഏറ്റവും മുഖ്യമായത് അവരെ ആത്മീയമായി ദൈവ മക്കളായി തീരുവാൻ പരിശീലിപ്പിക്കുക എന്നതാണ്.

7. ഒരു അമ്മക്ക് തന്റെ കുട്ടികളെ അറിയാം. അവൾ ശാന്തമായി അവരുടെ വ്യക്തിത്വത്തെ മനസിലാക്കുന്നു. അവരുടെ വിചാരങ്ങളെ അവൾ അറിയുന്നു; അവരുടെ ബലഹീനതകളെയും ശക്തിയേയും അവൾക്കറിയാം. ഈ ആഴമേറിയ അറിവ് കുഞ്ഞുങ്ങൾക്ക് സഹായം വേണ്ടപ്പോൾ ചെയ്യുവാനുള്ള കഴിവിലേക്ക് അവളെ ഉയർത്തുന്നു.

8. പ്രാർത്ഥനയുള്ളവളാണ് ഒരു മാതാവ്. എല്ലാ സമയവും തന്റെ മക്കളോടുകൂടെത്തന്നെ കഴിയുവാൻ പറ്റുകയില്ലെന്ന് അവൾക്കറിയാം. പലപ്പോഴും തന്റെ കുട്ടികൾക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ട സഹായം നൽകുവാൻ അവൾക്കു കഴിവില്ല എന്ന് അവൾക്ക് അറിയാം. അതുകൊണ്ട് അവൾ തന്റെശക്തിക്കനുസരിച്ച് എല്ലാം പ്രവർത്തിച്ചശേഷം ദൈവത്തിൽ ഭരമേൽപ്പിക്കുന്നതാണ് പ്രാർത്ഥന. ദൈവേഷ്ടത്തിനായി അവളുടെ ആഗ്രഹത്തെ വിട്ടു കൊടുക്കുന്നു.

ഈ കാര്യങ്ങളെല്ലാം ഒരു സ്ത്രീയിൽ കണ്ടെത്തിയാൽ അവൾ ഒരു യഥാർത്ഥ അമ്മയാണ് മാതാവാണ് എന്നു പറയാം. നിങ്ങൾ ഏതു തരത്തിലുള്ള അമ്മയാണ്? നിങ്ങൾ അമ്മയായിട്ടില്ലെങ്കിൽ ഏതു തരത്തിലുള്ള അമ്മയാകാനാണ് ആഗ്രഹിക്കുന്നത്?

# മരിച്ചവർ ബോധമുള്ളവരാണോ?

മരണത്തിനു ശേഷവും പുനരുത്ഥാനത്തിനു മുമ്പുമുള്ള കാലഘട്ടത്തിൽ ആത്മാവിന്റെ അവസ്ഥ എന്തായിരിക്കുമെന്നു ധാരാളം പേർ ചോദിക്കുന്നു. ശരീരത്തിൽ നിന്നും വേർപെട്ട ആത്മാവ് ബോധാവസ്ഥയിലാണോ അബോധാവസ്ഥയിലാണോ സ്ഥിതി ചെയ്യുന്നത്? ഈ ചോദ്യങ്ങൾക്കു ഉത്തരവും കൃത്യമായി വിവരങ്ങളും നൽകുവാൻ വിശുദ്ധ വചനങ്ങൾക്കു കഴിയും.

ലാസറിന്റേയും ധനവാന്റേയും വിവരണങ്ങൾ കൊണ്ടു ഭൗതികമരണത്തിനു ശേഷവും ഉയർത്തെഴുന്നേൽപിനു മുമ്പുള്ള ആത്മാവ് ബോധമുള്ളതാണെന്നു യേശു നമ്മെ പഠിപ്പിക്കുന്നു. ലൂക്കൊസ് 16:19-31) ഓരോ വ്യക്തിയും ഈ ലോകത്തിൽ നയിച്ച ജീവിതത്തിന്റെ അടിസ്ഥാനത്തിൽ ശരീരം മരിച്ചശേഷം ആത്മാവു സ്വർഗ്ഗീയ സൗരഭ്യത്തിലോ ക്ളേശപൂർണ്ണമായ ജീവിതത്തിലോ ആകുന്നു. ധനവാൻ മരിച്ച ഉടൻതന്നെ പോയത് യാതനാസ്ഥലത്തേക്കായിരുന്നു. അവന്റെ ക്ളേശങ്ങളെ അവൻ അവിടെ അറിയാതിരുന്നില്ല. എന്നാൽ അപ്പോഴും ഭൂമിയിൽ ജീവിച്ചിരുന്ന അവന്റെ സഹോദരങ്ങളെ അവൻ ഓർത്തു. അവർ ആ സ്ഥലത്തു കടന്നു വരാതെ കാത്തുകൊള്ളുവാൻ അവൻ ആഗ്രഹിച്ചു. പിതാവായ അബ്രഹാം ഈ ലോകത്തിലുള്ള അവന്റെ പഴയ ജീവിതത്തെ ഓർത്തുകൊള്ളുവാൻ ആവശ്യപ്പെട്ടു. എന്തുകൊണ്ടു അവൻ ഈ യാതനാസ്ഥലത്തു വന്നുവെന്നു മനസ്സിലാക്കുന്നതിനു അവനെ സഹായിക്കുന്നതിനുവേണ്ടി മാത്രമാണ് അദ്ദേഹം അപ്രകാരം അവനോടു ആവശ്യപ്പെട്ടത്. അതേ സമയം ലാസറും മരിച്ചു. എന്നാൽ അവൻ ഉടനെ സന്തോഷം പ്രദാനം ചെയ്യുന്ന സ്ഥലത്തേക്കായിരുന്നു പോയത്. ആയതിനാൽ ധനവാനും ലാസറും ബോധമുള്ള അവസ്ഥയിലായിരുന്നു. ലോകത്തിലുള്ള അവരുടെ ജീവിതത്തെ ഓർമ്മിക്കുന്നതിനു മരണത്തിനു ശേഷവും അവർക്കു കഴിഞ്ഞു.

ഈ വിവരണം വെറും ദൃഷ്ടാന്തകഥയാണെന്നു പറഞ്ഞു യേശുവിന്റെ വ്യക്തമായ ഭാഷയുടെ ശക്തി മറച്ചു വെക്കുവാൻ ചിലർ

ശ്രമിക്കുന്നു. ഇതു ദൃഷ്ടാന്തകഥയോ ചരിത്രമോ രണ്ടും കൂടി ആയാലും വചനം നമ്മെ സത്യം പഠിപ്പിക്കുന്നു. തെറ്റിനെയല്ല. ദൃഷ്ടാന്ത കഥയാണെന്നു പറയുന്ന ഇത് രണ്ടു മനുഷ്യരെ കുറിച്ചുള്ള വസ്തുതയാണെന്ന കാര്യം മറച്ചുവെക്കുന്നില്ല. കർത്താവിന്റെ ദൃഷ്ടാന്തങ്ങൾ കെട്ടുകഥകളെപ്പോലെയല്ല, യാഥാർത്ഥ്യമുള്ളതാകുന്നു. ക്രിസ്തു ഇവിടെ വിവരിച്ച ജീവിതത്തിനു ശേഷമുള്ള അവസ്ഥകൾ യാഥാർത്ഥ്യമായി ഇന്നും നിലനില്ക്കുന്നു. അവയുടെ വ്യക്തമായ വിവരണമാണ് അവൻ നൽകിയത്. ഒരു ധനവാനായ മനുഷ്യൻ ഉണ്ടായിരുന്നു. ഉണ്ടായിരുന്നില്ലേ? ധനവാൻ മരിച്ചോ? ലാസർ മരിച്ചോ? യേശുപറഞ്ഞു അവൻ മരിച്ചു വെന്ന്. ക്രിസ്തു പലപ്പോഴും ചരിത്രപരമായ വസ്തുതകൾ ആത്മീകസത്യം ഉളവാക്കുന്നതിനും പഠിപ്പിക്കുന്നതിനും ഉപയോഗിച്ചിരുന്നു. ഈ വിവരണങ്ങൾ വെറും കെട്ടുകഥകളാണെന്നു ചിന്തിക്കുന്നതു തന്നെ വെറും മണ്ടത്തരമല്ലേ?

ഈ വിവരണത്തിലെ സംഭവങ്ങൾ യാഥാർത്ഥ്യമാകുമ്പോൾ കർത്താവു മനുഷ്യന്റെ ഗ്രാഹ്യശക്തി വ്യക്തമാക്കുന്നതിനു ചില ആലങ്കാരിക ഭാഷകൾ ഉപയോഗിച്ചു. ആത്മീക ജീവിയെ വിവരിക്കുന്നതിനു മാനുഷിക പരിചയങ്ങളിൽ നിന്നും വരച്ച ഭാവനകളാണ് ക്രിസ്തു ഉപയോഗിച്ചത്. ആത്മീക രാജ്യത്തിൽ ഏതെങ്കിലും അക്ഷരാർത്ഥത്തിലുള്ള അർത്ഥമോ വ്യഖ്യാനമോ അല്ല ഉണ്ടായിരുന്നത്. എന്നാൽ ഈ ഭാവനകൾ യഥാർത്ഥമായ കാര്യങ്ങൾ പ്രതിനിധീകരിക്കുന്നു. ആലങ്കാരിക ഭാഷയിൽ വിവരിക്കുന്നുവെങ്കിലും ആത്മാവിന്റെ ബോധവും സന്തോഷവും യാതനയും യഥാർത്ഥമാണ്.

രണ്ട് മഹത്തായ വസ്തുതകൾ ലാസറിന്റെയും ധനവാന്റെയും വിവരണത്തിൽ നിന്നും പഠിക്കുവാൻ കഴിയും. (1) മരണം ഒന്നിനെയും നശിപ്പിക്കുന്നില്ല. ശരീരത്തിൽ നിന്നും പിരിഞ്ഞു പോകുന്ന ആത്മാവ് വീണ്ടും ജീവിക്കുന്നു. ശരീരം പൊടിയിലേക്ക് തിരികെ ചേരുന്നു. (2) ശരീരത്തിൽ നിന്നും പിരിഞ്ഞ ആത്മാവ് സന്തോഷമോ ക്ളേശമോ ആയ ബോധമുള്ള അവസ്ഥയിലാകുന്നു. ഇത് അത്മാവു ശരീരത്തിൽ ഉണ്ടായിരുന്നപ്പോൾ അവർ നയിച്ച ജീവിതത്തിന്റെ അടിസ്ഥാനത്തിലാകുന്നു. അവർ ബോധമുള്ള അസ്തിത്വമുള്ളവരാകുന്നു. ഭൗതിക ജീവിതത്തിന്റെ ഓർമകൾ അവർ നില

നിർത്തുന്നു.

മരണം ഒരു നഷ്ടമല്ല നേട്ടമാണെന്നും, എല്ലാം വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു കൂടെ ഇരിക്കുന്നതു അത്യുത്തമമാണെന്നും പൗലോസ് പറയുന്നു (ഫിലിപ്പിയർ 1:23). ദൈവത്തെ സേവിക്കുന്ന തിനു സന്തോഷങ്ങളും സങ്കടങ്ങളും കൂടികലർന്നതിനു ശേഷമുള്ള ബോധാവസ്ഥയാണ് പൗലോസ് കൂടുതൽ ഇഷ്ടപ്പെട്ടത്. ഈ ലോക ത്തിൽ ജീവിക്കുന്നതിനേക്കാൾ അത്യുത്തമം മരണത്തിനു ശേഷ മുള്ള അവസ്ഥയാണ്. തീർച്ചയായും ക്രിസ്ത്യാനിക്കു മരിക്കുന്നതു നേട്ടമാകുന്നു (ഫിലിപ്പിയർ 1:21). അവനെ മൂന്നാം സ്വർഗ്ഗത്തോളം, പറുദീസയോളം എടുക്കപ്പെട്ടപ്പോൾ പൗലോസ് തന്റെ ചിന്തകൾ വ്യക്തമാക്കുന്നു. ബോധമുള്ള അസ്തിത്വം ശരീരത്തിന് പുറത്താ കുന്നു. അവനെ എടുക്കപ്പെട്ട നിമിഷത്തിൽ അവൻ ശരീരത്തിന് പുറത്തോ അകത്തോ ആയിരുന്നുവെന്ന് പൗലോസിനു അറിഞ്ഞു കൂടായിരുന്നു. ശരീരത്തിനു പുറത്തായിരുന്നുവെങ്കിൽ ബോധമുള്ള അസ്തിത്വം അവൻ തുടർന്നു കൊണ്ടിരിക്കുമായിരുന്നു. ഈ സംഭ വത്തിൽ സത്യം എന്തായിരുന്നു? ആത്മാവും ശരീരവും തമ്മിൽ വേർപെടുന്നതു പോലെയുള്ള സംഭവമായിരുന്നോ ഇത്? ശരീര ത്തിൽ നിന്നും വേർപെട്ടതിനു ശേഷം ആത്മാവ് അതിന്റെ ബോധ മുള്ള അവസ്ഥ തുടരുന്നു.

വിധി ദിവസത്തെ കാത്തിരിക്കുമ്പോൾ ആദ്യരക്ത സാക്ഷിക ളുടെ ആത്മാക്കൾ അവരുടെ ശരീരത്തിൽ നിന്നും വേർപെട്ട അവ സ്ഥയിൽ ജീവിക്കുന്നവരായും ബോധമുള്ളവരായും വിവരിക്കപ്പെ ടുന്നു(വെളിപ്പാട് 6:9-11). നീതിയിൽ മരിച്ചവർ അനുഗ്രഹിക്കപ്പെട്ടവ രാകുന്നു അല്ലെങ്കിൽ സന്തോഷമുള്ളവരാകുന്നു. കർത്താവിൽ മരി ക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. അതെ, അവർ തങ്ങളുടെ പ്രയത്ന ങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിൻതുടരുന്നു (വെളിപ്പാട് 14:13). ഒരിക്കൽ മരണവും പിന്നെ ന്യായ വിധിയും ആണ് ദൈവം മനുഷ്യർക്ക് നിശ്ചയിച്ചിരിക്കുന്നത്. അതു കൊണ്ട് മരിക്കുന്നതിനുമുൻപ് ആത്മാവിനെ ദൈവത്തിലേല്പിക്കു ക.

✶

# വാർത്തകൾ

## നൊന്തുപെറ്റ കുഞ്ഞിനെ പ്രസവമുറിയിൽ നിന്നു തന്നെ നഷ്ടപ്പെട്ട അമ്മ

ജന്മം നൽകിയ കുഞ്ഞിനെ തട്ടിയെടുക്കുക...ആ കുഞ്ഞിനെ തിരിച്ചുകിട്ടാൻ വർഷങ്ങളോളം വേദനയോടെ കാത്തിരിക്കുക... ഒരമ്മക്ക് താങ്ങാനാവാത്ത വേദന. തിരിച്ചുകിട്ടും എന്ന പ്രതീക്ഷ എട്ടുവർഷം പിന്നിടുമ്പോൾ മണ്ണന്തലയ്കു സമീപം മുക്കോല മൈലംമൂട് വീട്ടിൽ അനുരാധയുടെ മുഖത്ത് ദുഃഖത്തിന്റെ കാർമേഘങ്ങൾ നിറയുന്നു. മകനെക്കുറിച്ചുള്ള ചിന്തകൾ ഇടക്കിടെ ഈ കാർമേഘങ്ങളെ അലിയിക്കാറുണ്ട്. അപ്പോഴോക്കെ ആ അമ്മയുടെ കവിളിണകൾ നനയും.

✶

## റോഡിലൂടെ നടക്കുമ്പോൾ ഇടിമിന്നലേറ്റു

റോഡിൽ നിൽക്കുമ്പോൾ ഇടിമിന്നലേറ്റു പരുക്കേറ്റ നെടുമങ്ങാട് സ്വദേശി അലൂക്കി(22)നെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ വൈകിട്ട് നെടുമങ്ങാട് ആയിരുന്നു അപകടം.

✶

## നാലംഗ സംഘം പിടിയിൽ

സ്പിരിറ്റ് വെള്ളത്തിൽ കലക്കി വ്യാജ വിദേശമദ്യം നിർമിച്ചു വിറ്റിരുന്ന നാലംഗ സംഘം എക്സൈസ് പിടിയിലായി. കഴക്കൂട്ടം എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ അനികുമാറിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരാണു സംഘത്തെ പിടികൂടിയത്.

✶

*Watch!*

# SATHYANADAM

# TV PROGRAMME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

## പ്രചരണയാത്ര സമാപിച്ചു

മ്യൂച്ചൽ ഫണ്ടുകളുടെ പ്രചരണത്തിനായി യുടിഐ കശ്മീരിൽ നിന്ന് ആരംഭിച്ച പ്രചാരണ പരിപാടി കന്യാകുമാരിയിൽ സമാപിച്ചു 100 ദിവസം കൊണ്ട് എല്ലാ സംസ്ഥാനങ്ങളിലൂടെയും 10000 കിലോമീറ്റർ സഞ്ചരിച്ചു നടത്തിയ സ്വതന്ത്ര യാത്രയിൽ 1300 നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിച്ചു. നിക്ഷേപ ബോധവൽക്കരണത്തിനായി രാജ്യത്തു സംഘടിപ്പിച്ച ഏറ്റവും ദൈർഘ്യമേറിയ യാത്രയാണിതെന്ന് യുടിഐ അസറ്റ് മാനേജ്മെന്റ് ചീഫ് മാർക്കറ്റിങ് ഓഫിസർ പറഞ്ഞു.

✶

## വൈകുന്നത് ദുരൂഹം

ഫാക്ട് കൊച്ചിൻ ഡിവിഷനിലെ യൂറിയ പ്ളാന്റ് പൊളിച്ചു വിൽക്കുന്നതിനുള്ള ടെൻഡറിന്റെ അംഗീകാരം വീണ്ടും വൈകുന്നതിൽ ദുരൂഹത. ആദായകരമല്ലാതായതിനെ തുടർന്നു പ്ളാന്റിന്റെ ഉൽപാദനം പത്തുവർഷം മുൻപു നിർത്തിയിരുന്നു.

✶

## അടിസ്ഥാന സൗകര്യങ്ങൾ വളർച്ച കുറയുന്നു.

അടിസ്ഥാന സൗകര്യ വികസന രംഗം വളർച്ചയിൽ പിന്നാക്കം പോകുന്നു. ആറു പ്രമുഖ മേഖലകൾ അടങ്ങുന്ന അടിസ്ഥാന സൗകര്യവികസന രംഗത്തെ വളർച്ചാനിരക്ക് കഴിഞ്ഞമാസം2.5 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ ഇത് 4.3 ശതമാനമായിരുന്നു. ക്രൂഡ് ഓയിൽ, റിഫൈനറി, കൽക്കരി, വൈദ്യുതി, സിമന്റ്, ഉരുക്ക് എന്നിവ അടങ്ങുന്നതാണ് ഈ രംഗം.

✶

ശ്രദ്ധിക്കുക!

# സത്യനാദം

ബ്രദർ.പി.കെ
വർഗ്ഗീസ്
പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും
രാവിലെ 6 മണിക്ക്
ജയ്ഹിന്ദ് ടിവിയിൽ

ശ്രദ്ധിക്കുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 November**
Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/10-11
Licensed to post without prepayment No. KL / TV (N) / WPP/40/2010 -11

*Join us to worship God in Spirit and Truth*
*The*
**CHURCH OF CHRIST**
Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378